പുതിയ സ്കൂളുകൾ

34 (817)ശ്രീ. വി.ജെ. പൗലോസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം സ്കൂളുകളും ട്രെയിനിംഗ് സ്കൂളുകളും പുതുതായി അനുവദിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എവിടെയെല്ലാം;

(സി) ഏതെല്ലാം മാനേജ്മെന്റുകളുടെ കീഴിലാണെന്ന് വ്യക്തമാക്കുമോ;

(ഡി) ഈ സ്കൂളുകൾ ലഭിച്ചവരുടെ ജാതി തിരിച്ചുള്ള പട്ടിക നൽകുമോ?

ഉത്തരം

(എ) 6 പുതിയ സ്കൂളുകൾ അനുവദിക്കാനും 3 സ്കൂളുകൾ അപ്ഗ്രേഡ് ചെയ്യാനും അനുവാദം നൽകിയിട്ടുണ്ട്. ഡി.പി.ഇ.പിയുടെ കീഴിൽ 37 എൽ.പി. സ്കൂളുകൾക്ക് സർക്കാർ മേഖലയിൽ അനുവാദം നൽകി. കൂടാതെ 23 സ്കൂളുകൾ ആരംഭിക്കുന്നതിനുള്ള ഏരിയാ നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ചു കഴിഞ്ഞു. ട്രെയിനിംഗ് സ്കൂളുകൾ അനുവദിച്ചിട്ടില്ല.

(ബി)

വയനാട്	-	നൂൽപ്പുഴ
പാലക്കാട്	-	പാലൂർ
പാലക്കാട്	-	മരുതൂർ റോഡ്
ഇടുക്കി	-	ചിന്നക്കനാൽ
ഇടുക്കി	-	വട്ടവട
ഇടുക്കി	-	കണ്ണംപാടി
മലപ്പുറം	-	തവനൂർ
കോഴിക്കോട്	-	തിരുവമ്പാടി
തിരുവനന്തപുരം	-	പാങ്ങോട്

ഡി.പി.ഇ.പി. സ്കൂളുകൾ

വയനാട്	-	25
മലപ്പുറം	-	5
കാസർഗോഡ്	-	7

(സി)&(ഡി)

1. എസ്.എസ്.എച്ച്.എസ് മരുതൂർ റോഡ് - പാലക്കാട് പ്രസന്റേഷൻ കോൺവെന്റ് കോർപ്പറേറ്റ് മാനേജ്മെന്റ്.
2. എഫ്.എം.എച്ച്.എസ്. ചിന്നക്കനാൽ - ഇടുക്കി കോർപ്പറേറ്റ് മാനേജ്മെന്റ്, വിജയപുരം ഡയോസിസ്, കോട്ടയം.
3. കുറിയാക്കോസ് ഏലിയാസ് മെമ്മോറിയൽ സ്കൂൾ, വട്ടവട, ഇടുക്കി - മൂന്നാർ സെന്റ് ജോസഫ് കാർമൽ ഹൗസ് സുപ്പീരിയർ റവ.ഫാദർ. കെ. ആരോൻ സി.എം.ഐ.യുടെ മാനേജ്മെന്റ്

LIBRARY ARCHIVES Kerala Legislative Assembly

4. ഇൻഫന്റ് ജീസസ് സ്കൂൾ, തിരുവമ്പാടി കോഴിക്കോട്, മദർ സുപ്പീരിയർ കാർമലൈറ്റ് കോൺവന്റ് മാനേജ്മെന്റ്.
5. തിരുവനന്തപുരം ജില്ലയിൽ ആർമി ഹെഡ് ക്വാർട്ടേഴ്സ് 91 ഇൻഫന്ററി ബ്രിഗേഡ് പാങ്ങോട്.
6. പാലക്കാട് പാലൂർ ഗവൺമെന്റ് എൽ.പി. സ്കൂൾ
7. മലപ്പുറം തവനൂർ ഗവൺമെന്റ് എൽ.പി. സ്കൂൾ
8. ഇടുക്കി കണ്ണംപാടി ഗവൺമെന്റ് ഹൈസ്കൂൾ.
9. വയനാട് നൂൽപ്പുഴ പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിൽ രാജീവ് ഗാന്ധി മെമ്മോറിയൽ റസിഡൻഷ്യൽ സ്കൂൾ.
10. ഡി.പി.ഇ.പി. സ്കൂളുകൾ സർക്കാർ മേഖലയിൽ.

സ്വകാര്യ മേഖലയിലെ പുതിയ സ്കൂളുകൾ

35 (818)ശ്രീ. കെ.ടി. കുഞ്ഞഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം സംസ്ഥാനത്ത് സ്വകാര്യ മേഖലയിൽ പുതുതായി സ്കൂളുകൾ അനുവദിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) ഉണ്ടെങ്കിൽ അവയുടെ എണ്ണവും അവ എവിടെയാണെന്നും വ്യക്തമാക്കുമോ;

(സി) ഇവ ഏതൊക്കെ മാനേജ്മെന്റിന്റെ കീഴിലാണെന്ന് വ്യക്തമാക്കുമോ;

(ഡി) ഇവ അനുവദിക്കാൻ സ്വീകരിച്ച മാനദണ്ഡം വ്യക്തമാക്കുമോ?

ഉത്തരം

(എ) സ്വകാര്യ മേഖലയിൽ നാലു പുതിയ സ്കൂളുകൾ ആരംഭിക്കാനും ഒരു സ്കൂൾ ഹൈസ്കൂളായി ഉയർത്താനും അനുവാദം നൽകി.

(ബി) മരുതൂർ റോഡ് (പാലക്കാട്)
ചിന്നക്കനാൽ (ഇടുക്കി)
വട്ടവട (ഇടുക്കി)
തിരുവമ്പാടി (കോഴിക്കോട്)
പാങ്ങോട് (തിരുവനന്തപുരം)

(സി) 1. എസ്.എസ്.എച്ച്.എസ് മരുതൂർ റോഡ് - പാലക്കാട് പ്രസന്റേഷൻ കോൺവന്റ് കോർപ്പറേറ്റ് മാനേജ്മെന്റ്.

2. എഫ്.എം.എച്ച്.എസ് (അപ്ഗ്രഡേഷൻ) ചിന്നക്കനാൽ, ഇടുക്കി - വിജയപുരം ഡയോസീസ്, കോട്ടയം കോർപ്പറേറ്റ് മാനേജ്മെന്റ്.

3. കുരിയാക്കോസ് ഏലിയാസ് മെമ്മോറിയൽ സ്കൂൾ, വട്ടവട ഇടുക്കി - മൂന്നാർ സെന്റ് ജോസഫ്സ് കാർമ്മൽ ഹൗസ് സുപ്പീരിയർ റവ. ഫാദർ കെ. ആരോൻ സി.എം.ഐ.യുടെ മാനേജ്മെന്റ്.

4. ഇൻഫന്റ് ജീസസ് സ്കൂൾ, തിരുവമ്പാടി കോഴിക്കോട് - മദർ സുപ്പീരിയർ കാർമലൈറ്റ് കോൺവന്റ് മാനേജ്മെന്റ്.

LIBRARY ARCHIVES Kerala Legislative Assembly